**മധുരമായ കുട്ടികളേ - നിങ്ങൾ ഇതുവരെ എന്തെല്ലാം പഠിച്ചുവോ അതെല്ലാം മറന്നുകളയൂ, ജീവിച്ചിരിക്കെ മരിക്കുക അർത്ഥം എല്ലാം മറക്കുക, കഴിഞ്ഞതൊന്നും ഓർമ്മ വരരുത്.**

**ചോദ്യം -** ആരാണോ പൂർണ്ണമായും ജീവിച്ചിരിക്കെ മരിക്കാത്തത് അവരുടെ അടയാളം എന്തായിരിക്കും?
**ഉത്തരം -** അവർ ബാബയോട് പോലും തർക്കിച്ചുകൊണ്ടിരിക്കും. ശാസ്ത്രങ്ങളുടെ ഉദാഹരണം പറഞ്ഞുകൊണ്ടിരിക്കും. ആരാണോ പൂർണ്ണമായും മരിച്ചു കഴിഞ്ഞത് അവർ പറയും, ബാബ എന്താണോ കേൾപ്പിക്കുന്നത് അത് സത്യമാണ്. നമ്മൾ പകുതി കൽപം എന്താണോ കേട്ടത് അത് അസത്യമായിരുന്നു അതുകൊണ്ട് ഇപ്പോൾ അത് വായിൽ പോലും വരരുത്. ബാബ പറഞ്ഞിട്ടുണ്ട് മോശമായത് കേൾക്കരുത്..

**ഗീതം -** ഓം നമഃ ശിവായ..........

**ഓം ശാന്തി.** കുട്ടികൾക്ക് മനസ്സിലായിക്കഴിഞ്ഞു, തപസ്യ എന്ന പേരിൽ ശാന്തിയിൽ ഇരുത്തുന്ന ഈ ഡ്രിൽ ചെയ്യിക്കുകയാണ്. ഇപ്പോൾ ബാബ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് ആരാണോ ജീവിച്ചിരിക്കെ മരിക്കുന്നത്, എങ്ങനെയാണോ മനുഷ്യർ മരിച്ചു കഴിയുമ്പോൾ എല്ലാം മറക്കുന്നത് കേവലം സംസ്ക്കാരം ശേഷിക്കുന്നത് അതുപോലെ ഞങ്ങൾ ജീവിച്ചിരിക്കെ മരിച്ചുകഴിഞ്ഞു എന്ന് പറയുന്നു. ഇപ്പോൾ നിങ്ങളും ബാബയുടെതായി മാറി ലോകത്തു നിന്നും മരിച്ചു കഴിഞ്ഞിരിക്കുന്നു. ബാബ പറയുന്നു, നിങ്ങളിൽ ഭക്തിയുടെ സംസ്ക്കാരം ഉണ്ടായിരുന്നു, ഇപ്പോൾ ആ സംസ്ക്കാരം മാറിക്കൊണ്ടിരിക്കുന്നതുകൊണ്ട് നിങ്ങൾ ജീവിച്ചിരിക്കെ മരിച്ചുവല്ലോ. മരിക്കുന്നതിലൂടെ മനുഷ്യൻ എന്തെല്ലാം പഠിച്ചിട്ടുണ്ടായിരുന്നോ അതെല്ലാം മറക്കുന്നു പിന്നീട് അടുത്ത ജന്മത്തിൽ പുതിയതായി പഠിക്കേണ്ടി വരുന്നു. ബാബയും പറയുന്നു, നിങ്ങൾ എന്തെല്ലാം പഠിച്ചിട്ടുവോ അതെല്ലാം മറക്കൂ. അതുകൊണ്ടുതന്നെയാണ് പറഞ്ഞത് - മോശമായത് കേൾക്കരുത്, മോശമായത് കാണരുത്.....ഇത് നിങ്ങൾ കുട്ടികളോടാണ് പറയുന്നത്. ചിലർ അനേകം ശാസ്ത്രങ്ങൾ മുതലായവ പഠിച്ചിട്ടുള്ളവരാണ്, പൂർണ്ണമായും മരിക്കുന്നില്ല അതിനാൽ വെറുതെ തർക്കിക്കും. മരിച്ചുകഴിഞ്ഞാൽ പിന്നെ തർക്കിക്കുകയില്ല. പറയും ,ബാബ എന്താണോ കേൾപ്പിച്ചത് അതാണ് സത്യം, ബാക്കി കാര്യങ്ങൾ നമ്മളെന്തിനാണ് പറയുന്നത്! ബാബ പറയുന്നു, ഇത് വായിൽ വരികപോലുമരുത്. മോശമായത് കേൾക്കരുത്. ബാബ നിർദ്ദേശം നൽകിയിട്ടുണ്ടല്ലോ - ഒന്നും കേൾക്കരുത്. പറയൂ, ഇപ്പോൾ ഞങ്ങൾ ജ്ഞാനസാഗരന്റെ കുട്ടികളായി മാറിയിരിക്കുന്നു അതിനാൽ ഭക്തിയെ എന്തിന് ഓർമ്മിക്കണം! ഞങ്ങൾ ഒരു ഭഗവാനെ തന്നെയാണ് ഓർമ്മിക്കുന്നത്. ബാബ പറയുന്നു, ഭക്തി മാർഗ്ഗത്തെ മറക്കൂ. ഞാൻ നിങ്ങൾക്ക് സഹജമായ കാര്യം കേൾപ്പിക്കുകയാണ്, ബീജമായ എന്നെ ഓർമ്മിക്കുകയാണെങ്കിൽ മുഴുവൻ വൃക്ഷവും ബുദ്ധിയിലേക്ക് വരികതന്നെ ചെയ്യും. നിങ്ങൾക്ക് മുഖ്യമായത് ഗീതയാണ്. ഗീതയിൽത്തന്നെയാണ് ഭഗവാൻ നൽകുന്ന അറിവുള്ളത്. ഇപ്പോൾ ഇത് പുതിയ കാര്യമാണ്. പുതിയ കാര്യത്തിൽ എപ്പോഴും കൂടുതൽ ശ്രദ്ധ കൊടുക്കാറുണ്ട്. കാര്യം വളരെ ലളിതമാണ്, ഓർമ്മിക്കുന്നതാണ് ഏറ്റവും വലിയ കാര്യം. ഇടയ്ക്കിടക്ക് പറയേണ്ടി വരുന്നു - മന്മനാ ഭവ. ബാബയെ ഓർമ്മിക്കൂ, ഇത് തന്നെയാണ് ഏറ്റവും ഗുപ്തമായ കാര്യം, ഇതിൽ തന്നെയാണ് വിഘ്നമുണ്ടാകുന്നത്. മുഴുവൻ ദിവസത്തിലും രണ്ട് മിനിറ്റ് പോലും ഓർമ്മിക്കാത്ത അനേകം കുട്ടികളുണ്ട്. ബാബയുടേതായിട്ട് പോലും നല്ല കർമ്മം ചെയ്യാത്തതുകൊണ്ട് ഓർമ്മിക്കാനും കഴിയുന്നില്ല, വികർമ്മം ചെയ്തുകൊണ്ടിരിക്കുന്നു. ബുദ്ധിയിൽ ഇരിക്കുന്നേയില്ല. അതിനാൽ പറയും, ഈ ബാബയുടെ ആജ്ഞയോട് അനാദരവാണ്, പഠിക്കാൻ കഴിയില്ല, ആ ശക്തി ലഭിക്കില്ല. ഭൗതീക പഠിപ്പിൽ നിന്നുപോലും ബലം ലഭിക്കുന്നുണ്ടല്ലോ. പഠിപ്പ് വരുമാന മാർഗ്ഗമാണ്. ശരീര നിർവഹാർത്ഥമാണെങ്കിൽ പോലും അൽപകാലത്തേക്ക് വേണ്ടിയാണ്. ചിലർ പഠിച്ച് പഠിച്ച് മരിച്ച് പോകുന്നു അപ്പോൾ ആ പഠിപ്പ് കൂടെ കൊണ്ടുപോകുന്നില്ല. അടുത്ത ജന്മമെടുത്ത് വീണ്ടും പുതിയതായി പഠിക്കേണ്ടി വരുന്നു. ഇവിടെയാണെങ്കിൽ നിങ്ങൾ എത്ര പഠിക്കുന്നുവോ, അത് കൂടെക്കൊണ്ടുപോകും, എന്തുകൊണ്ടെന്നാൽ, നിങ്ങൾ പ്രാപ്തി നേടുന്നത് അടുത്ത ജന്മത്തിലാണ്. ബാക്കി അതെല്ലാം തന്നെ ഭക്തി മാർഗ്ഗമാണ്. എന്തെല്ലാം വസ്തുക്കളാണ്, ഇത് ആരും അറിയുന്നില്ല. ആത്മീയ അച്ഛൻ നിങ്ങൾ ആത്മാക്കൾക്കിരുന്ന് ജ്ഞാനം നൽകുന്നു. ഒരു തവണ മാത്രമാണ് പരമാത്മാവായ ബാബ വന്ന് ആത്മാക്കൾക്ക് ജ്ഞാനം നൽകുന്നത്, അതിലൂടെ വിശ്വത്തിന്റെ അധികാരിയായി മാറുകയും ചെയ്യുന്നു. ഭക്തി മാർഗ്ഗത്തിൽ സ്വർഗ്ഗമൊന്നും ഉണ്ടാകുന്നില്ല. ഇപ്പോൾ നിങ്ങൾ നാഥന്റേതായി മാറി. മായ പല തവണ കുട്ടികളെപ്പോലും അനാഥരാക്കി മാറ്റുന്നു, ചെറിയ ചെറിയ കാര്യങ്ങളിൽ പരസ്പരം വഴക്കടിക്കുന്നു. ബാബയുടെ ഓർമ്മയിലിരിക്കാത്തതുകൊണ്ട് അനാഥരായില്ലേ. അനാഥ

രായി മാറിയെങ്കിൽ ഏതെങ്കിലുമൊക്കെ പാപകർമ്മം ചെയ്യും. ബാബ പറയുന്നു, എന്റേതായി മാറി, എന്റെ പേര് മോശമാക്കരുത്. പരസ്പരം വളരെ സ്നേഹത്തോടുകൂടി പെരുമാറൂ, തലതിരിഞ്ഞ വാക്കുകൾ പറയരുത്.

ബാബക്ക് ഇങ്ങനെയിങ്ങനെയുള്ള അഹല്യകളെയും, കുബ്ജകളെയും, വനത്തിൽ വസിക്കുന്ന സ്ത്രീകളെപ്പോലും ഉദ്ധരിക്കേണ്ടതുണ്ട്. പറയാറുണ്ട് ,വനവാസിയായ സ്ത്രീയിൽ നിന്ന് പഴം കഴിക്കാം. ഇപ്പോൾ ഇങ്ങനെ വനവാസിസ്ത്രീയിൽ നിന്നൊരിക്കലും കഴിക്കാൻ സാധിക്കില്ല. വനത്തിൽ വസിക്കുന്ന സ്ത്രീയിൽ നിന്നും എപ്പോഴാണോ ബ്രാഹ്മണിയായി മാറുന്നത് അപ്പോൾ കഴിക്കാൻ സാധിക്കും. അതുകൊണ്ടാണ് ബ്രഹ്മാഭോജനത്തിന് മഹിമയുള്ളത്. ശിവബാബ കഴിക്കുന്നില്ല. ബാബയാണെങ്കിൽ അഭോക്താവാണ്. ബാക്കി ഈ രഥമാണെങ്കിൽ കഴിക്കുമല്ലോ. നിങ്ങൾ കുട്ടികൾക്ക് ആരോടും തർക്കിക്കേണ്ട ആവശ്യമില്ല. എപ്പോഴും തന്റെ ഭാഗം സുരക്ഷിതമാക്കി വെക്കണം. രണ്ട് വാക്ക് മാത്രം പറയൂ – ശിവബാബ പറയുന്നു. ശിവബാബയെത്തന്നെയാണ് രുദ്രനെന്നും പറയുന്നത്. രുദ്ര ജ്ഞാനയജ്ഞത്തിൽ നിന്നും വിനാശത്തിന്റെ ജ്വാല വരുന്നുവെങ്കിൽ രുദ്ര ഭഗവാൻ ഉണ്ടാവണമല്ലോ. കൃഷ്ണനെയാണെങ്കിൽ രുദ്രനെന്ന് പറയുകയില്ല. വിനാശവും ഒരു കൃഷ്ണനല്ല ചെയ്യിപ്പിക്കുന്നത്, ബാബ തന്നെയാണ് സ്ഥാപന, വിനാശം, പാലന ചെയ്യിപ്പിക്കുന്നത്. സ്വയം ഒന്നും ചെയ്യുന്നില്ല, അല്ലായെങ്കിൽ ദോഷം സംഭവിക്കും. ചെയ്യുന്നതും, ചെയ്യിപ്പിക്കുന്നതും ബാബയാണ്. ബാബ പറയുന്നു, ഞാനാരോടും വിനാശം ചെയ്യൂ എന്ന് പറയുന്നില്ല. ഇതെല്ലാം ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. ശങ്കരൻ എന്തെങ്കിലും ചെയ്യുന്നുണ്ടോ? ഒന്നും ചെയ്യുന്നില്ല. ഇത് കേവലം പാടുന്നു, ശങ്കരനിലൂടെ വിനാശം. ബാക്കി വിനാശം അതെല്ലാം സ്വയം തന്നെ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത് അനാദിയായി ഉണ്ടാക്കപ്പെട്ടിട്ടുള്ള നാടകമാണ് അതാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. രചയിതാവായ ബാബയെ എല്ലാവരും മറന്നു പോയി. ഗോഡ് ഫാദർ രചയിതാവാണെന്ന് പറയുന്നുണ്ട് പക്ഷെ അദ്ദേഹത്തെ അറിയുന്നില്ല. ബാബ ലോകം സ്ഥാപിക്കുന്നുവെന്ന് മനസ്സിലാക്കുന്നുണ്ട്. ബാബ പറയുന്നു, ഞാൻ സ്ഥാപനയൊന്നും ചെയ്യുന്നില്ല, ഞാൻ പരിവർത്തനം ചെയ്യുന്നു. കലിയുഗത്തെ സത്യയുഗമാക്കി മാറ്റുന്നു. ഞാൻ സംഗമത്തിലാണ് വരുന്നത്, അതിനെയാണ് പറയുന്നത് – അതി മഹത്വമേറിയ യുഗം. ഭഗവാൻ മംഗളകാരിയാണ്, എല്ലാവരുടെയും മംഗളം ചെയ്യുന്നു പക്ഷെ എങ്ങനെ, എന്ത് മംഗളമാണ് ചെയ്യുന്നത്, ഇതൊന്നും അറിയുകയില്ല. ഇംഗ്ലീഷിൽ പറയുന്നു ലിബറേറ്റർ, ഗൈഡ്, പക്ഷെ അതിന്റെ അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല. ഭക്തിക്ക് ശേഷം ഭഗവാനെ ലഭിക്കും, സദ്ഗതി ലഭിക്കും എന്ന് പറയാറുണ്ട്. സർവ്വരുടെയും സദ്ഗതി ഒരു മനുഷ്യനും ചെയ്യാൻ സാധിക്കില്ല. അല്ലെങ്കിൽ പിന്നെ പരമാത്മാവിനെ പതിത പാവനൻ... സർവ്വരുടെയും സദ്ഗതി ദാതാവ് ...എന്ന് എന്തുകൊണ്ടാണ് പറയുന്നത്? ബാബയെ ആരും അറിയുന്നില്ല,അനാഥരാണ്, ബാബയോട് വിപരീത ബുദ്ധിയാണ്. അതിന് ബാബയെന്ത് ചെയ്യാനാണ്. ബാബ സ്വയം അധികാരിയാണ്. ശിവജയന്തിയും ഭാരതത്തിൽ ആഘോഷിക്കുന്നു. ബാബ പറയുന്നു ഭക്തർക്ക് ഫലം നൽകാനായി ഞാൻ വന്നിരിക്കുന്നു. വരുന്നതും ഭാരതത്തിലാണ്. വരുന്നതിന് വേണ്ടി എനിക്ക് തീർച്ചയായും ഒരു ശരീരം വേണമല്ലോ. പ്രേരണയിലൂടെ ഒന്നും നടക്കുന്നില്ല. ഇദ്ദേഹത്തിൽ പ്രവേശിച്ച്, ഇദ്ദേഹത്തിന്റെ മുഖത്തിലൂടെ നിങ്ങൾക്ക് ജ്ഞാനം നൽകുന്നു. ഗോമുഖത്തിന്റെ കാര്യമൊന്നുമില്ല. ഇത് ഈ മുഖത്തിന്റെ കാര്യമാണ്. മുഖം മനുഷ്യന്റെയാണ് വേണ്ടത്, മൃഗത്തിന്റെയല്ല. ബുദ്ധി ഇത്രപോലും പ്രവർത്തിക്കുന്നില്ല. പിന്നീട് വേറൊരു ഭാഗത്ത് ഭാഗീരഥനെ കാണിക്കുന്നു, അദ്ദേഹം എപ്പോൾ, എങ്ങനെ വരുന്നു, എന്നൊന്നും ആർക്കും അറിയുകയില്ല. അതിനാൽ ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് നിങ്ങൾ മരിച്ചിട്ടുണ്ടെങ്കിൽ ഭക്തി മാർഗ്ഗത്തെ പാടെ മറക്കൂ. ശിവഭഗവാനുവാച, എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. ഞാൻ തന്നെയാണ് പതിത പാവനൻ. നിങ്ങൾ പവിത്രമായി മാറും പിന്നീട് എല്ലാവരെയും കൂടെ കൂട്ടിക്കൊണ്ടുപോകും. വീട് വീടുകളിൽ സന്ദേശം നൽകൂ. ബാബ പറയുന്നു – എന്നെ ഓർമ്മിക്കൂ അപ്പോൾ വികർമ്മം വിനാശമാകും. നിങ്ങൾ പവിത്രമായി മാറും. വിനാശം മുന്നിൽ നിൽക്കുകയാണ്. നിങ്ങൾ വിളിക്കുകയും ചെയ്യുന്നു, അല്ലയോ പതിത പാവനാ വരൂ, പതിതരെ പാവനമാക്കി മാറ്റൂ, രാമരാജ്യം സ്ഥാപന ചെയ്യൂ, രാവണ രാജ്യത്തിൽ നിന്നും മുക്തമാക്കൂ.... അവർ ഓരോരുത്തരും അവരവർക്കുവേണ്ടി പരിശ്രമം ചെയ്യുകയാണ്. ബാബ പറയുന്നു, ഞാൻ വന്ന് എല്ലാവർക്കും മുക്തി നൽകുന്നു. എല്ലാവരും 5 വികാരങ്ങളാകുന്ന രാവണന്റെ ജയിലിൽ അകപ്പെട്ടിരിക്കുകയാണ്. ഞാൻ എല്ലാവരുടെയും സദ്ഗതി ചെയ്യുന്നു. ദുഃഖഹർത്താവെന്നും, സുഖകർത്താവെന്നും എന്നെ വിളിക്കുന്നു. രാമരാജ്യം തീർച്ചയായും പുതിയ ലോകത്തിലായിരിക്കും.

നിങ്ങൾ പാണ്ഡവരുടെ ബുദ്ധിയിപ്പോൾ പ്രീത ബുദ്ധിയാണ്. ചിലരുടെ ബുദ്ധി പെട്ടെന്ന് പ്രീത ബുദ്ധിയായി മാറുന്നു. ചിലരുടേത് പതുക്കെപ്പതുക്കെ പ്രീതിപ്പെടുന്നു. മറ്റുചിലർ പറയുന്നു, ഞങ്ങളെല്ലാം ബാബയിൽ സമർപ്പണം ചെയ്തിരിക്കുന്നു. ഒരാളുടെ കൂടെയല്ലാതെ വേറൊരാളുടെ കൂടെയിരിക്കുക പോലുമി

ല്ല. എല്ലാവരുടെയും ആശ്രയം ഒരേയൊരു ഈശ്വരൻ മാത്രമാണ്. എത്ര സാധാരണത്തിലും സാധാരണ കാര്യമാണ്. ബാബയെ ഓർമ്മിക്കൂ, ചക്രത്തെ ഓർമ്മിക്കൂ അപ്പോൾ ചക്രവർത്തി രാജാവും, റാണിയുമാകും. ഇത് വിശ്വത്തിന്റെ അധികാരിയായി മാറുന്നതിനുള്ള സ്ക്കൂളും കൂടിയാണ്, അതുകൊണ്ടാണ് ചക്രവർത്തി രാജാവെന്ന പേര് വന്നത്. ചക്രത്തെ അറിയുന്നതിലൂടെ പിന്നീട് ചക്രവർത്തി രാജാവാകുന്നു. ഇത് ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ബാക്കി തർക്കിക്കേണ്ടതൊന്നുമില്ല. പറയൂ.. ഭക്തി മാർഗ്ഗത്തിലെ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കൂ. ബാബ പറയുന്നു കേവലം എന്നെ ഓർമ്മിക്കൂ... ഇത് തന്നെയാണ് മുഖ്യമായ കാര്യം. ആരാണോ തീവ്ര പുരുഷാർത്ഥിയാകുന്നത് അവർ പെട്ടെന്ന് പഠിപ്പിൽ ശ്രദ്ധിക്കുന്നു, ആർക്കാണോ പഠിപ്പിൽ രുചിയുള്ളത് അവർ അതിരാവിലെ എഴുന്നേറ്റ് പഠിക്കുന്നു. ഭക്തിയിലുള്ളവരും അതിരാവിലെ എഴുന്നേൽക്കുന്നു. തീവ്രഭക്തി എത്ര ചെയ്യുന്നു, എപ്പോഴാണോ ശിരസ്സ് മുറിക്കാൻ തുടങ്ങുന്നത് അപ്പോൾ സാക്ഷാത്ക്കാരമുണ്ടാകുന്നു. ഇവിടെയാണെങ്കിൽ ബാബ പറയുന്നു ഈ സാക്ഷാത്ക്കാരം പോലും ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. സാക്ഷാത്ക്കാരത്തിൽ പോകുന്നതുകൊണ്ട് പഠിപ്പും യോഗവും രണ്ടും ഇല്ലാതാകുന്നു. സമയവും നഷ്ടമാകുന്നു അതുകൊണ്ട് ധ്യാനം മുതലായവയിൽ ഒട്ടും ആഗ്രഹമുണ്ടായിരിക്കരുത്. ഇതും വലിയൊരു രോഗമാണ്, അതിലൂടെ മായയുടെ പ്രവേശനം ഉണ്ടാകുന്നു. എങ്ങനെയാണോ യുദ്ധത്തിന്റെ സമയത്ത് ന്യൂസ് കേൾക്കുമ്പോൾ ഒന്നും കേൾക്കാതിരിക്കാൻ ഇടക്ക് കേടാക്കുന്നത്, അതുപോലെ മായയും വളരെ വിഘ്നമിടുന്നു. ബാബയെ ഓർമ്മിക്കാൻ അനുവദിക്കുകയില്ല. മനസ്സിലാക്കാൻ സാധിക്കും, ഇവരുടെ ഭാഗ്യത്തിൽ വിഘ്നമുണ്ട്. മായയുടെ പ്രവേശനമില്ലല്ലോ എന്നും നോക്കേണ്ടതുണ്ട്. ആവശ്യമില്ലാത്തതൊന്നും പറയുന്നില്ലല്ലോ, അപ്പോൾ ബാബ പെട്ടെന്ന് താഴെ ഇറക്കും. ഒരുപാട് പേർ പറയുന്നുണ്ട്– ഞങ്ങൾക്ക് കേവലം സാക്ഷാത്ക്കാരം ഉണ്ടാവുകയാണെങ്കിൽ ഇത്രയും ധനവും, സമ്പത്തുമെല്ലാം ഞങ്ങൾ അങ്ങേക്ക് നൽകും. ബാബ പറയുന്നു, ഇതെല്ലാം നിങ്ങൾ നിങ്ങളുടെയടുത്ത് തന്നെ വെച്ചോളൂ. ഭഗവാന് നിങ്ങളുടെ പൈസയെല്ലാം കൊണ്ട് എന്താണ് കാര്യം. ബാബക്കാണെങ്കിൽ ഈ പഴയ ലോകത്തിൽ എന്തെല്ലാം ഉണ്ടോ, എല്ലാം ഭസ്മമായി മാറുമെന്നറിയാം. ബാബ എന്ത് ചെയ്യും? ബാബയുടെയടുത്ത് തുള്ളി–തുള്ളികളായി ചേർന്ന് തടാകമായി മാറുന്നു. ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കൂ, ഹോസ്പിറ്റൽ കം യൂണിവേഴ്സിറ്റി തുറക്കൂ, അവിടെ ആർക്കു വേണമെങ്കിലും വന്ന് വിശ്വത്തിന്റെ അധികാരിയാവാൻ സാധിക്കും. മൂന്നടി മണ്ണിലിരുന്നുകൊണ്ട് നിങ്ങൾക്ക് മനുഷ്യനെ നരനിൽ നിന്ന് നാരായണനാക്കി മാറ്റണം. പക്ഷെ മൂന്നടി മണ്ണ് പോലും ലഭിക്കുന്നില്ല. ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് എല്ലാ വേദ–ശാസ്ത്രങ്ങളുടെയും സാരം പറഞ്ഞു തരുന്നു. ഈ ശാസ്ത്രങ്ങളെല്ലാം ഭക്തി മാർഗ്ഗത്തിലേതാണ്. ബാബ ഒരു നിന്ദയും ചെയ്യുന്നില്ല. ഈ കളി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. ഇത് കേവലം മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ് പറയുന്നത്. വീണ്ടും കളി തന്നെ ആയില്ലേ. കളിയെ നമുക്ക് നിന്ദിക്കാൻ സാധിക്കുകയില്ല. നമ്മൾ പറയുന്നു – ജ്ഞാന സൂര്യൻ, ജ്ഞാന ചന്ദ്രൻ അപ്പോൾ പിന്നെ അവർ ചന്ദ്രൻ മുതലായവയിലെല്ലാം പോയി തിരയുന്നു. അവിടെ ഏതെങ്കിലും രാജ്യഭാഗ്യം വെച്ചിട്ടുണ്ടോ? ജപ്പാനിലെ ജനങ്ങൾ സൂര്യനെ മാനിക്കുന്നുണ്ട്. നമ്മൾ പറയുന്നു സൂര്യവംശി, അവർ പിന്നീടിരുന്ന് സൂര്യനെ പൂജിക്കുന്നു, സൂര്യന് വെള്ളം നൽകുന്നു. അതിനാൽ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് ഒരു കാര്യത്തിലും കൂടുതൽ വാദപ്രതിവാദം ചെയ്യരുത്. ഒരു കാര്യം മാത്രം കേൾപ്പിക്കൂ ബാബ പറയുന്നു– എന്നെ മാത്രം ഓർമ്മിക്കൂ അപ്പോൾ പാവനമായി മാറാം. ഇപ്പോൾ രാവണ രാജ്യത്തിൽ എല്ലാവരും പതിതരാണ്.പക്ഷെ ആരും സ്വയം പതിതരാണെന്ന് അംഗീകരിക്കുന്നില്ല.

കുട്ടികളേ, നിങ്ങളുടെ ഒരു കണ്ണിൽ ശാന്തീധാമം, മറുകണ്ണിൽ സുഖധാമം... ബാക്കി ഈ ദുഖധാമത്തെ മറക്കൂ. നിങ്ങൾ ചൈതന്യ ലൈറ്റ് ഹൗസാണ്. ഇപ്പോൾ പ്രദർശിനികളിൽ പോലും പേര് വെച്ചിരിക്കുന്നു – ഭാരതം ദ ലൈറ്റ് ഹൗസ്.......എന്നാൽ അതാരും മനസ്സിലാക്കുന്നില്ല. നിങ്ങളിപ്പോൾ ലൈറ്റ് ഹൗസല്ലേ. പോർട്ടിൽ ലൈറ്റ് ഹൗസ് കപ്പലിന് വഴി കാണിച്ചു കൊടുക്കുന്നു. നിങ്ങളും എല്ലാവർക്കും മുക്തി ജീവൻ മുക്തി ധാമത്തിലേയ്ക്കുള്ള വഴി പറഞ്ഞു കൊടുക്കണം. എപ്പോൾ ആര് പ്രദർശിനികളിൽ വന്നാലും വളരെ സ്നേഹത്തോടു കൂടി പറയൂ – ഗോഡ് ഫാദർ എല്ലാവരുടെയും ഒന്ന് തന്നെയല്ലേ. ഗോഡ് ഫാദർ അല്ലെങ്കിൽ പരംപിതാവ് പറയുന്നു എന്നെ ഓർമ്മിക്കൂ അപ്പോൾ തീർച്ചയായും മുഖത്തിലൂടെ പറയണമല്ലോ. ബ്രഹ്മാവിലൂടെ സ്ഥാപന, നമ്മൾ എല്ലാവരും ബ്രഹ്മാമുഖവംശാവലീ ബ്രാഹ്മണരും ബ്രാഹ്മണികളുമാണ്. നിങ്ങൾ ബ്രാഹ്മണരുടെ മഹിമ ആ ബ്രാഹ്മണർ പാടുന്നു ബ്രാഹ്മണ ദേവതായെ നമ: ഉയർന്നതിലും ഉയർന്നത് ഒരു ബാബ മാത്രമാണ്. ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് ഉയർന്നതിലും ഉയർന്ന രാജയോഗം പഠിപ്പിക്കുന്നു, അതിലൂടെ നിങ്ങൾ മുഴുവൻ വിശ്വത്തിന്റെയും അധികാരിയാവുന്നു. ആ രാജ്യഭാഗ്യം നിങ്ങളിൽ നിന്ന് ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല. വിശ്വത്തിൽ ഭാരതത്തിന്റെ അധികാരമായിരുന്നു. ഭാരതത്തിന് എത്ര മഹിമയാണ്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മൾ ശ്രീമതത്തിലൂടെ ഈ

രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.  ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും.  ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക്  നമസ്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം

1.  തീവ്ര പുരുഷാർത്ഥിയാകുന്നതിന് വേണ്ടി പഠിപ്പിൽ താല്പര്യം വെയ്ക്കണം. അതിരാവിലെ എഴുന്നേറ്റ് പഠിപ്പ് പഠിക്കണം. സാക്ഷാത്ക്കാരത്തിന്റെ ആശ വെക്കരുത്, ഇതിൽത്തന്നെയാണ് സമയം നഷ്ടപ്പെടുന്നത്.

2. ശാന്തിധാമത്തെയും സുഖധാമത്തെയും ഓർമ്മിക്കണം, ഈ ദുഖധാമത്തെ മറക്കണം. ആരോടും തർക്കിക്കരുത്, സ്നേഹത്തോടുകൂടി മുക്തി -ജീവൻ മുക്തിധാമത്തിലേക്കുള്ള വഴി പറഞ്ഞു കൊടുക്കണം.

## വരദാനം- സദാ സുഖത്തിന്റെ സാഗരത്തിൽ ലവ്ലീനമായി ഇരിക്കുന്ന അന്തർമുഖിയായി ഭവിക്കട്ടെ.

അന്തർമുഖി, സദാസുഖി... എന്നാണ് പറയാറുള്ളത്.ഏത് കുട്ടികളാണോ സദാ അന്തർമുഖിയായി ഭവിക്കട്ടെ എന്ന വരദാനം പ്രാപ്തമാക്കുന്നത്, അവർ ബാബക്കുസമാനം സദാസുഖത്തിന്റെ സാഗരത്തിൽ ലയിച്ചിരിക്കുന്നു.സുഖദാതാവിന്റെ കുട്ടികൾ സുഖദാതാക്കളായി മാറുകയും സർവ്വ ആത്മാക്കൾക്കും സുഖത്തിന്റെ ഖജനാക്കളെ വിതരണം ചെയ്യുകയും ചെയ്യുന്നു.അതിനാൽ ഇപ്പോൾ അന്തർമുഖികളായി മാറണം.ആര് ഏത് ഭാവനയോടെ താങ്കളുടെ അടുക്കൽ വരുന്നുവോ, അത് പൂർത്തീകരിക്കപ്പെടണം.ഇങ്ങിനെയുള്ള അന്തർമുഖികളും,സമ്പന്നമൂർത്തികളുമായി മാറണം. എങ്ങിനെയാണോ ബാബയുടെ ഖജനാക്കളിൽ അപ്രാപ്തമായി ഏതൊരുവസ്തുവും ഇല്ലാത്തത്,അതുപോലെ താങ്കളും ബാബക്കുസമാനം നിറവുള്ളവരായി മാറണം.

## സ്ലോഗൻ: ആത്മീയ അന്തസ്സിൽ ഇരിക്കുകയാണെങ്കിൽ ഒരിക്കലും അഭിമാനത്തിന്റെ ഫീലിംഗ് വരുകയില്ല.

**അവ്യക്തസൂചന-ഏകാന്തപ്രിയരായി മാറൂ,ഏകതയെയും ഏകാഗ്രതയെയും സ്വന്തമാക്കൂ...**
സ്വയത്തെ സദാ അണ്ടർഗ്രൗണ്ടിൽ അഥവാ അന്തർമുഖിയാക്കി മാറ്റുന്നതിനായി പരിശ്രമിച്ചുകൊണ്ടിരിക്കൂ.എങ്ങിനെയാണോ അണ്ടർഗ്രൗണ്ടിലും എല്ലാകാര്യങ്ങളും ചെയ്യാനാകുന്നത്,അതുപോലെ അന്തർമുഖിയായിമാറിയാലും എല്ലാകാര്യങ്ങളും ചെയ്യാനാകും.അന്തർമുഖിയായി കർമ്മങ്ങൾ ചെയ്യുന്നതിലൂടെ വിഘ്നങ്ങളിൽനിന്നും രക്ഷ ലഭിക്കുന്നു,രണ്ടാമതായി സമയം ലാഭിക്കാനാവുന്നു,മൂന്നാമതായി സങ്കൽപങ്ങളെ സുരക്ഷിതമാക്കാൻ അഥവാ സങ്കൽപങ്ങളുടെ ശേഖരമുണ്ടാക്കാൻ കഴിയുന്നു.ഏകാന്തവാസിയാകുന്നതിനൊപ്പം പുതുമനിറഞ്ഞകാര്യങ്ങളും ചെയ്യാനാവുന്നു.